330367/2021/CRU DICEKM

**എറണാകുളം ജില്ലാ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ ചേമ്പറിൽവച്ച് 13.01.02021 ന് ഉച്ചയ്ക്ക് സേഷം 3 മണിക്ക് കൂടിയ ജില്ലാതല എക്സ്ഫോർട്ട് പ്രൊമോഷൻ കമ്മീഷണറുടെ യോഗത്തിന്റെ മിനിട്സ്.**

**ഹാജർ**

| | | |
|---|---|---|
| 1 | ശ്രീമതി.അഫ്സാന പർവീൺ, ഐ.എ.എസ്., ഡിസ്ട്രിക്ട് ഡെവ്ലപ്പ്മെന്റ് കമ്മീഷണർ | ഒപ്പ് |
| 2 | ശ്രീ.ഹരിലാൽ.എച്ച്, ജോയിന്റ് ഡയറക്ടർ, ഡി.ജി.എഫ്റ്റി (i/c) | ഒപ്പ് |
| 3 | ശ്രീ.ബിജു.പി.എബ്രഹാം, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ഒപ്പ് |
| 4 | ശ്രീ.കൃഷ്ണകുമാർ, അസിസ്റ്റന്റ് ഡയറക്ടർ, എം.എസ്.എം.ഇ-ഡി.ഐ. | ഒപ്പ് |
| 5 | ശ്രീ.സതീഷ്.സി, എൽ.ഡി.എം. | ഒപ്പ് |
| 6 | ശ്രീ.ദിലീപ് കുമാർ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ | ഒപ്പ് |
| 7 | ശ്രീ.അശോക് കുമാർ നായർ AGM, NABARD | ഒപ്പ് |
| 8 | ശ്രീ.ടോം തോമസ്. കെ.എസ്.എസ്.ഐ.എ. | ഒപ്പ് |
| 9 | ശ്രീ.രാജീവ്.എം.ജി.സ്റ്റേറ്റ് ഹെഡ്, എഫ്.ഐ.ഇ.ഒ. | ഒപ്പ് |
| 10 | ശ്രീ.മാത്യു വർഗ്ഗീസ് കാൻകർ ഇൻഗ്രേഡിയന്റ് | ഒപ്പ് |
| 11 | ശ്രീ.എൻ.വി.രവീന്ദ്രൻ ഡെപ്യൂട്ടി ഡി.ജി.ആർ.റ്റി. | ഒപ്പ് |
| 12 | ശ്രീ.ആദിത്യ ഡിയോ, ഡി.വി.ഡിയോ ഇൻഡസ്ട്രീസ് | ഒപ്പ് |

എറണാകുളം ജില്ലാ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ യോഗം 3 മണിക്ക് ആരംഭിച്ചു. ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ പ്രാധാന്യത്തെ സംബന്ധിച്ച് ശ്രീ.ഹരിലാൽ.എച്ച്., ജോയിന്റ് ഡയറക്ടർ ഡി.ജി.എഫ്.റ്റി(i/c), ശ്രീ.ബിജു.പി.എബ്രഹാം, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം എന്നിവർ വിശദീകരിച്ചു. തുടർന്ന് അംഗങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുവാൻ ചെയർപേഴ്സൺ ശ്രീമതി.അഫ്സാന പർവീൽ. ഐ.എ.എസ്. ആവശ്യപ്പെട്ടു.

വ്യവസായ വകുപ്പിൽ നിന്നുള്ള 42/ജി1/2020/ഐ.ഡി തീയതി.28/10/2020 നമ്പർ ഉത്തരവ് പ്രകാരം one district one product ആയി oleo resin എന്ന ഉൽപ്പന്നമാണ് എറണാകുളം ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ജനറൽ മാനേജർ അറിയിച്ചു.

ജില്ലയിലെ പ്രധാന കാർഷിക ഉത്പന്നമായ പൈനാപ്പിൾ GI ഇൻഡിക്കേഷൻ ഉള്ളതാണ്. വളരെയധികം കയറ്റുമതി സാധ്യതകൾ ഉള്ള പൈനാപ്പിൾ കേവലം 10% മാത്രമാണ് കയറ്റുമതി ചെയ്യപ്പെടുന്നത്. കൂടാതെ വാഴപ്പഴം, ചക്ക, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ കയറ്റുമതിക്കും ജില്ലയിൽ നല്ല സാധ്യതകളുണ്ട്. Vegetables & Fruit Promotion Council Kerala (VFPCK) കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമിക്കുള്ള നോഡൽ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളതായി ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ അറിയിച്ചു.

കേരളത്തിലെ കയറ്റുമതിയുടെ ബഹുഭൂരിഭാഗവും കയറ്റുമതി ചെയ്യപ്പെടുന്നത് കൊച്ചിയിൽ നിന്നാണ്. Oleo resins കൂടാതെ തേയില, കാപ്പി, കശുവണ്ടി, സീഫുഡ്, കയർ ഉല്പന്നങ്ങൾ സുഗന്ധ ദ്രവ്യങ്ങൾ, സ്പൈസസ് എക്സ്ട്രാക്ട്, ഹെർബൽ പ്രോഡക്ട്സ്, ഫ്രെഷ് ഫ്രൂട്സ് എന്നിവയുടെ കയറ്റുമതിക്ക് ജില്ലയിൽ നിന്ന് പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കയറ്റുമതിയെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം വളരെ പ്രധാനമാണ്. സംഭരണം, പ്രൊസസിംഗ്, ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ, നിലവാരമുള്ള റോഡുകൾ എന്നിവ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. വിവിധ പദ്ധതികൾ സുഭിക്ഷ കേരളം, റീ ബിൽഡ് കേരള, Rural Infrastructure, Development Fund, Agricultural Infrastructure Fund, മറ്റ് ക്രെഡിറ്റ് ലിങ്ക്സ് സ്കീമുകൾ എന്നിവ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രവർത്തന മൂലധനം, pre-shipment, post shipment എന്നിവയ്ക്കായി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ബാങ്കുകൾക്ക് പ്രേരണ നൽകേണ്ടതാണെന്ന് AGM, NABARD അറിയിച്ചു.

തുടർന്ന് കാൺകർ ഇൻഗ്രേഡിയൻ്റ്സ് മാനേജിംഗ് ഡയറക്ടർ ശ്രീ.വർഗ്ഗീസ് മാത്യു സംസാരിച്ചു. trans – shipment .ഒഴിവാക്കിക്കൊണ്ട് നേരിട്ട് ജലമാർഗ്ഗവും വായുമാർഗ്ഗവുമുള്ള യൂറോപ്യൻ യൂണിയൻ, അമേരിക്ക എന്നിവിടങ്ങളിലേയ്ക്കുള്ള കയറ്റുമതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട് എന്നറിയിച്ചു.

ജി.എസ്.റ്റി വകുപ്പ്, കസ്റ്റംസ് എന്നിവയുടെ സേവനം കയറ്റുമിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമാണ്. ആയതിനാൽ കമ്മിറ്റിയിൽ ജി.എസ്.റ്റി, കസ്റ്റംസ് എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തണം. കൂടാതെ കണ്ടെയ്നറുകൾ ആവശ്യത്തിന് ലഭിയ്ക്കാത്തത് കയറ്റുമതിയെ തടസ്സപ്പെടുത്തുന്നുണ്ട്. ആയതിനാൽ ആവശ്യമായത്ര കണ്ടെയ്നറുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം. എന്നീ കാര്യങ്ങൾ കെ.എസ്.എസ്.ഐ.എ. പ്രതിനിധി ശ്രീ.ടോം തോമസ് അറിയിച്ചു.

യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറെ അറിയിക്കുന്നതാണ്. എന്ന് അറിയിച്ചു കൊണ്ട് 4.00 PM ന് യോഗം അവസാനിച്ചു.

ജനറൽ മാനേജർ
കൺവീനർ

അഫ്സാന പർവീൺ, ഐ.എ.എസ്.,
ചെയർപേഴ്സൺ